# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 4398/26

തിയ്യതി : 03.08.2026

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

Rinson. P. Royson
Pulikkottil Complex
Erinjery Angadi
New Church Road, Thrissur
Opp. Manjali Jwellery

പരാതിക്കാരൻ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
**വൈദ്യുതി വിഭാഗം**
**തൃശ്ശൂർ കോർപ്പറേഷൻ**
തൃശ്ശൂർ - 680 001.

എതിർകക്ഷി

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നം. 17604 - A, സർവ്വീസ് കണക്ഷനിൽ ടി കണക്ഷനിലെ വൈദ്യുത ബിൽ കുടിശ്ശിക പലിശ ഒഴിവാക്കി, കുറഞ്ഞ മാസ തുക അടച്ച് കുടിശ്ശിക തീർക്കാൻ അനുവദിക്കുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളത്. വാടകക്ക് നൽകിയിരിക്കുന്ന റോയ്സൺ പുളിക്കാട്ടിലിന്റെ പേരിലുള്ള കെട്ടിടത്തിലെ വൈദ്യുതി ബിൽ തുക അടവാക്കാതെ വാടകക്കാരൻ മുടക്കു വരുത്തുകയും, ബാധ്യത ഉടമകളായ തങ്ങളുടെ മേൽ വരികയും ചെയ്തുവെന്നതാണ് പരാതിക്കടിസ്ഥാനം. ടി വിഷയവുമായി ബന്ധപ്പെട്ട് സി.ജി.ആർ.എഫ്. - 7417/25 പ്രകാരം പരാതി നൽകുകയും 28.11.2025 ന് സി.ജി.ആർ.എഫ്. അനുകൂല വിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണെങ്കിലും, ടി.സി.ഇ.ഡി. വിധി നടപ്പിലാക്കിയില്ല എന്നും പരാതിയിൽ പറയുന്നു. ആയതിനാൽ പലിശ ഒഴിവാക്കി ബിൽ തുക അടവാക്കുവാൻ അനുവദിക്കണം എന്നതാണ് അപേക്ഷകന്റെ ആവശ്യം. തന്റെ തന്നെ മറ്റൊരു കണക്ഷനായ 8708 ൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക മേൽ കണക്ഷനിലേക്ക് വകമാറ്റണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

**ഫോറത്തിന്റെ നടപടികൾ :**

29.06.2026 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. ലൈസൻസിക്കു വേണ്ടി ജി.ടി. ബില്ലിങ്ങ് സെക്ഷനിൽ നിന്നും സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു. 08.07.2026 ന് പരാതി വിശദമായി പരിശോധിച്ചു.

**വിഷയത്തിൽ ജി.ടി. ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

CGRF – 7417/25, 28/11/25 തിയ്യതിയിലെ ഉത്തരവ് പ്രകാരം, കൺസ്യൂമർ നം: 17604 - A കണക്ഷന്റെ 06/25 മുതലുള്ള 7 ബില്ലുകൾ റദ്ദ് ചെയ്തിട്ടുണ്ട്. ടി കണക്ഷന്റെ 12/24 മുതൽ 05/25 വരെ 6 ബില്ലുകളിലായി പലിശയടക്കം അടവാക്കാനുണ്ടായിരുന്ന 93,274/- രൂപ സെക്യൂരിറ്റി

ഡെപ്പോസിറ്റ് തുകയായ 24,000/- രൂപ, കൺസ്യൂമർ നം.: 8708 കണക്ഷനിലെ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 9,242/- രൂപ (ആകെ = 24000 + 9242 = 33,242/-) എന്നിവയിൽ നിന്നും കുറവ് ചെയ്ത് കൺസ്യൂമർ നം.: 17604 - A യുടെ 10.01.2025 ലെ ബില്ലിൻെറ എനർജി ചാർജ്ജിലേക്ക് 33,242/- രൂപ വരവ് വെച്ചിട്ടുണ്ട്. എന്നാൽ ഈ ബില്ലിലെ മുഴുവൻ തുകയും അടവാക്കാൻ കഴിഞ്ഞില്ല. ബാലൻസ് 2,302/- രൂപ അടവാക്കാനുണ്ട്.

സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകകളിൽ നിന്നും വരവു വെച്ചതിനു ശേഷം 5 ബില്ലുകളിലായി നിലനിൽക്കുന്ന കുടിശ്ശിക അടവാക്കുന്നതിന് കൺസ്യൂമറെ അറിയിച്ചിരുന്നു. എന്നാൽ പലിശ ഒഴിവാക്കുന്നതിന് കൺസ്യൂമർ അപേക്ഷ നൽകുകയും കുടിശ്ശിക തുകയിലെ പലിശ ഒഴിവക്കാൻ സാധിക്കാത്ത വിവരം കൺസ്യൂമറെ അറിയിക്കുകയും ചെയ്തു. നിലവിൽ 5 കുടിശ്ശിക ബില്ലുകളും 29.06.2026 ന് കൺസ്യൂമർ അടവാക്കിയിട്ടുണ്ട്. 10.01.2025 ബില്ലിലെ ബാലൻസ് തുകയായ 2302/- രൂപ മാത്രമാണ് ഇപ്പോൾ കുടിശ്ശിക.

## ഫോറത്തിൻെറ നിഗമനം.

മേൽ കണക്ഷനിൽ 28.11.2025 ലെ സി.ജി.ആർ.എഫ്. വിധി പ്രകാരമുള്ള നടപടികൾ ലൈസൻസി സ്വീകരിച്ചിട്ടുള്ളതാണ്. ഇതു പ്രകാരം തുകകൾ പരാതിക്കാരൻ അടവാക്കുകയും **ബാലൻസ് 2302/- രൂപയാണ് ഇനിയും അടവാക്കാനുള്ളത് എന്നും ലൈസൻസി അറിയിച്ചിട്ടുണ്ട്. നിയമാനുസൃത പലിശ ഒഴിവാക്കി ബില്ലുകൾ അടവാക്കാൻ അനുവദിക്കുന്നതിന് ഫോറത്തിന് നിയമപരമായ പരിമിതി ഉള്ളതാണ്. കൺസ്യൂമർ നമ്പർ 8708 ലെ സെക്യൂരിറ്റി ഡെപ്പോസിറ്റ്** തുക, പരാതിക്കാരൻെറ അപേക്ഷ പ്രകാരം കൺസ്യൂമർ നമ്പർ 17604 - A - ലേക്ക് വരവ് **വെച്ചിട്ടുള്ളതായി ലൈസൻസി അറിയിച്ചിട്ടുണ്ട്. ബാലൻസ് അടവാക്കാനുള്ള തുക അടച്ചു തീർക്കേണ്ടതായുണ്ട്.**

## ഉത്തരവ് നടപടികൾ :

**സി.ജി.ആർ.എഫ്. ൻെറ 28.11.2025 ലെ വിധി ലൈസൻസി പാലിച്ച സാഹചര്യത്തിൽ പലിശ ഒഴിവാക്കി ബില്ലുകൾ അടവാക്കുന്നതിന് ഫോറത്തിന് നിർവ്വാഹമില്ലാത്തതിനാൽ നിലവിൽ ടി കണക്ഷനിൽ അവശേഷിക്കുന്ന കുടിശ്ശിക പരാതിക്കാരൻ അടവാക്കേണ്ടതാണ് എന്ന് ഉത്തരവാകുന്നു.**

**അഡ്വ. അസിയ.പി.കെ**
മെമ്പർ

**വിനുകൃഷ്ണൻ. കെ**
മെമ്പർ

**ടി.എസ്. ജോസ്**
ചെയർപേഴ്സൺ